മാറ്റാത്തിരുത്തലുകളും
വ്യാജവാദങ്ങളും

# അവിശ്വസനീയം!!!!



# ഞാൻ പക്ഷപാതിയാണോ ?

SANAD

ML

# بسم الله الرحمن الرحيم

الحمد لله رب العالمين والصلاة والسلام على أشرف الأنبياء والمرسلين
سيدنا محمد المبعوث رحمة للعالمين وعلى آله وصحبه أجمعين

**അള്ളാഹു തആല പറയുന്നു :**
**സത്യനിഷേധികൾ തങ്ങളുടെ ഹൃദയങ്ങളിൽ ദുരഭിമാനം – ആ അജ്ഞാത യുഗത്തിന്റെ ദുരഭിമാനം – വെച്ച് പുലർത്തിയ സന്ദർഭം അപ്പോൾ അള്ളാഹു അവന്റെ റസൂലിന്റെ മേലും സത്യവിശ്വാസികളുടെ മേലും അവന്റെ പക്കൽ നിന്നുള്ള മനസമാധാനം ഇറക്കികൊടുത്തു. സൂക്ഷ്മത പാലിക്കാനുള്ള കല്പന സ്വീകരിക്കാൻ അവരെ നിർബന്ധിക്കുകയും ചെയ്തു. അതിനു (അത് സ്വീകരിക്കാൻ ) കൂടുതൽ അർഹതയുള്ളവരും അതിനു അവകാശപ്പെട്ടവരുമായിരുന്നു അവർ. അള്ളാഹു ഏതു കാര്യത്തെ പറ്റിയും അറിവുള്ളവനായിരിക്കുന്നു. ( സൂറഹ് ഫതഹ് )**

**ഞാൻ എന്റെ മനസ്സിനെ കുറ്റത്തിൽ നിന്നൊഴിവാക്കുന്നില്ല തീർച്ചയായും മനസ്സ് ദുഷ്പ്രവർത്തിക്ക് ഏറെ പ്രേരിപ്പിക്കുന്നത് തന്നെയാകുന്നു. എന്റെ രക്ഷിതാവിന്റെ കരുണ ലഭിച്ച മനസ്സൊഴികെ .തീർച്ചയായും എന്റെ രക്ഷിതാവ് ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു. (സൂറഹ് യൂസുഫ് )**

**റസൂലുല്ലാഹി (സ) അരുളിയതായി ജുബൈർ ബിൻ മുത്എം (റ) നിവേദനം ചെയുന്നു : പക്ഷപാതിത്വത്തിലേക്ക് ക്ഷണിക്കുകയോ അതിനു വേി യുദ്ധം ചെയ്യുകയോ അതിന്റെ പേരിൽ മരിക്കുകയോ ചെയ്യുന്നവൻ നമ്മിൽ പെട്ടവനല്ല.**



**വ്യക്തമായ തെളിവുകൾ മുന്നിലുായിരുന്നിട്ടും ദേഹേച്ഛകൾക്ക് വഴങ്ങി സത്യത്തെ അംഗീകരിക്കാതിരിക്കലാണ് യഥാർത്ഥ പക്ഷപാതിത്വം.**

# പക്ഷപാതിയുടെ അടയാളങ്ങൾ

**പക്ഷപാതിയായ വ്യക്തിയുടെ അടയാളങ്ങൾ എന്തൊക്കെയാണ്? ഈ സ്വഭാവങ്ങൾ നമ്മളിൽ ഓരോരുത്തരിലും ഉണ്ടോ എന്നറിയുന്നതിനു വേണ്ടി ഒരു മിന്നൽ പരിശോധന നടത്താൻ നാം തയാറാകുമോ ? താഴെ പറയുന്ന ഓരോ പ്രസ്താവനകൾക്കും മറുപടിയായി താങ്കൾ ഏതാണ് തിരഞ്ഞെടുക്കുക ? അതിനു ശേഷം , ഈ മാനദണ്ഡങ്ങൾ മുൻനിർത്തി മേൽ പറഞ്ഞ സ്വഭാവവും താങ്കളുടെ വ്യക്തിത്വവും തമ്മിലുള്ള ബന്ധം എപ്രകാരമാണെന്നു വിലയിരുത്തുക.**



**മറ്റുള്ളവരുമായി സംവദിക്കുമ്പോൾ അവരുടെ വ്യത്യസ്തമായ കാഴ്ചപാടുകൾ അംഗീകരിക്കാൻ ഞാൻ തയ്യാറാണ്.**

**എന്റെ അഭിപ്രായങ്ങൾ ശെരിയായതും ന്യായമായതുമാകുന്നു ,അതെ പക്ഷം മറ്റുള്ളവരുടെ അഭിപ്രായങ്ങൾ തെറ്റായതും അന്യായമായതുമാകുന്നു.**

**മറ്റുള്ളവർ അഭിപ്രായങ്ങൾ രേഖപ്പെടുത്തുമ്പോൾ അവയെ ശത്രുതാ മനോഭാവം വെച്ച് പുലർത്താതെയുള്ള വിമർശനമാണ് സംവദിക്കുമ്പോൾ ഞാൻ സ്വീകരിക്കാറുള്ളത്.**

**മുൻ വിധികളോ മുൻ ധാരണകളോ ഇല്ലാതെ തന്നെ സത്യവും ന്യായവും ഞാൻ അന്വേഷിച്ചു കണ്ടെത്തും.**

**ശാസ്ത്രീയവും ആരോഗ്യപരുമായ രീതിയിൽ മാത്രമാണ് ഞാൻ മറ്റുള്ളവരോട് സംഭവിക്കാറുള്ളത് മാത്രമല്ല ചർച്ചയുടെ അന്തിമ തീരുമാനം എന്തുതന്നെയായാലും അതു ഞാൻ അംഗീകരിക്കുകയും അതിൽ ഉറച്ചു നിൽക്കുകയും ചെയ്യും.**

**എതിരാളികളാണെങ്കിൽ പോലും അവർ മുന്നോട്ടു വെക്കുന്ന ന്യായമായ വസ്തുതകളെയും അടിസ്ഥാന മൂല്യങ്ങളെയും ഞാൻ അംഗീകരിക്കുകയും അവയെ ശക്തമായി പിന്താങ്ങുകയും ചെയ്യും .**

**എന്നോട് സംവദിക്കുന്ന വ്യക്തികൾ ഏതു തരത്തിൽ ഉള്ളവരാണെങ്കിലും അവരെ ഞാൻ അംഗീകരിക്കുകയും അവരുടെ അഭിപ്രായങ്ങളെ വിലമതിക്കുകയും ചെയുന്നതാണ്.**

**മേൽ പറഞ്ഞ മൂല്യങ്ങൾ നമ്മുടെ ജീവിതത്തിൽ സാക്ഷാൽകരിക്കുക എന്നത് അത്ര എളുപ്പമുള്ള സംഗതിയല്ല എങ്കിലും നാം വളരെ കഷ്ടപ്പെട്ട് നേടിയെടുക്കേിയിരിക്കുന്ന ധാർമിക പുരോഗതി ഈ മൂല്യങ്ങളിൽ അടങ്ങിയിരിക്കുന്നു.**




ഒരു സഹാബി ഇപ്രകാരം വിളിച്ചു പറയുന്നതായി പ്രവാചകൻ (സ) കേട്ടു : അല്ലയോ അൻസാരികളെ സഹായിക്കൂ, അപ്പോൾ വേറൊരു സഹാബി ഇപ്രകാരം വിളിച്ചു പറഞ്ഞു അല്ലയോ മുഹാജിറുകളെ സഹായിക്കൂ...... ഇതുകേട്ട് റസൂലുല്ലാഹ് (സ) ചോദിച്ചു ഈ ജാഹിലിയ്യാ കാലഘട്ടത്തിലെ വിളിയുമായി നമുക്കെന്തു ബന്ധം...അവർ പറഞ്ഞു: നബിയെ മുഹാജിറായ ഒരു സഹാബി ഒരു അൻസാരിയായ സഹാബിയെ തൊഴിച്ചു അപ്പോൾ പ്രവാചകൻ (സ) അരുളി :

**അത് (വിവേചനം) നിങ്ങൾ ഉപേക്ഷിക്കുക**

**തീർച്ചയായും അത് ദുഷിച്ചതാകുന്നു**

(ബുഖാരി , മുസ്ലിം)

# നിങ്ങൾക്കറിയാമോ ?




മറ്റു ചില യുദ്ധങ്ങൾക്ക് പിന്നിലെ
കാരണം വർഗീയ
പക്ഷപാതിത്വമായിരുന്നു.



ഒന്ന് രണ്ടു ലോക മഹായുദ്ധങ്ങൾക്ക്
കാരണം ദേശിയ
പക്ഷപാതിത്വമായിരുന്നു.



മത തീവ്രവാദവും , മത നിരാസ
ചിന്താഗതിയുടെ പ്രചരണവും,
മതപക്ഷപാതിത്വത്തിന്റെ ഏറ്റവും
അപകടകാരമായ
അവസ്ഥകളാകുന്നു.



ഫുട്ബോൾ ഭ്രാന്ത് തലയ്ക്കു
പിടിച്ച ചില ആരാധകർ
കളിസ്ഥലങ്ങളിൽ അതിന്റെ
പേരിൽ ആത്മ ഹൂതി ചെയ്യുന്നത്
കാണാം.





## പക്ഷപാതിത്വത്തിന്റെ പരിണിത ഫലങ്ങൾ

**സാഹോദര്യവും സഹിഷ്ണുതയും നഷ്ടപ്പെടുകയും പക്ഷപാതിത്വവും അസഹിഷ്ണുതയും തൽസ്ഥാനത്തു അരങ്ങു വാഴുകയും ചെയ്യുന്ന ഒരു സാഹചര്യം സംജാതമായാൽ , താഴെ പറയുന്ന ചില കാര്യങ്ങൾ ഉണ്ടാകും എന്ന് നിങ്ങൾ വിശ്വസിക്കുന്നുണ്ടോ , നിങ്ങളുടെ അഭിപ്രായം രേഖപ്പെടുത്തുക.**

- വൈവിധ്യമാർന്ന ചിന്തകൾ കൊണ്ട് യാഥാർഥ്യങ്ങളിലേക്കും സൂക്ഷ്മമായ ഫലങ്ങളിലേക്കും എത്തിച്ചേരാൻ സാധിക്കും.
- മുൻ ധാരണകൾ ഉടലെടുക്കുന്ന സാഹചര്യങ്ങളിൽ ന്യായവും സുരക്ഷിതവുമായ ഫലങ്ങളിലേക്ക് ധ്രുതഗതിയിൽ എത്തിച്ചേരാൻ സാധിക്കും.
- മറ്റുള്ളവരെ അംഗീകരിക്കുന്നതിലൂടെ വഴക്കും വിദ്വേഷവും എന്നെന്നേക്കുമായി സമൂഹത്തിൽ നിന്ന് ഉന്മൂലനം ചെയ്യപ്പെടുകയും സ്നേഹവും സാഹോദര്യവും ഉടലെടുക്കുകയും ചെയ്യുന്നതാണ്.
- അഭിപ്രായ ഐക്യത്തിലൂടെ സമൂഹം വൈജ്ഞാനികമായും ധൈഷണികമായും സാമൂഹികമായും പുരോഗതി പ്രാപിക്കും.
- തിരഞ്ഞെടുക്കാനുള്ള അവകാശത്തെ ഇസ്‌ലാം അനുവദിക്കുന്നു ഒരു തരത്തിലും നിർബന്ധിത മത പരിവർത്തനത്തിനു ഇസ്‌ലാം കൂട്ട് നിൽക്കുന്നില്ല.

## നിങ്ങൾ വിശ്വസിക്കുന്നുണ്ടോ ?



അഭിപ്രായ വ്യത്യാസങ്ങൾ സ്വീകരിക്കാൻ സാധിക്കുന്നു എന്നത് മനുഷ്യ മനസിന്റെ വളർച്ചയുടെ ഏറ്റവും വലിയ തെളിവാകുന്നു

അഭിപ്രായ വ്യത്യാസം സമൂഹത്തിന്റെ ഉന്നമനത്തിനും പുരോഗതിക്കും വലിയൊരു മുതൽക്കൂട്ടാകുന്നു.

പിഴവുകളില്ലാതെ ക്രിയാത്മകമായി ചിന്തകളെ വിലയിരുത്താൻ സാധിക്കുക എന്നത് വളരെ ഉന്നതമായ ഒരു സ്വഭാവഗുണം തന്നെയാകുന്നു.

വൈവിധ്യമാർന്ന അഭിപ്രായങ്ങൾ സ്വീകരിക്കാനുള്ള മനസ്സ് രൂപപ്പെടുന്നത് സമൂഹത്തിന്റെ ഉന്നമനത്തിനു കാരണമാകുന്നു.

# രത്ന ചുരുക്കം

അഭിപ്രായ ഭിന്നതകൾ ഉള്ളതും ഇല്ലാത്തതുമായ ദീനിന്റെ കാര്യങ്ങൾ പഠിക്കുന്നതിന് മുമ്പ് ചർച്ചകളിലും സംവാദങ്ങളിലും പാലിക്കേ മര്യാദകളെയും സ്വഭാവ സവിശേഷതകളെയും കുറിച്ച അറിഞ്ഞിരിക്കേണ്ടത് അനിവാര്യമാണ്. എങ്കിൽ മാത്രമേ വഴക്കുകളും കലഹങ്ങളും മാറി തൽസ്ഥാനത്തു സമാധാനവും അനുനയവും സംവാദ വേദികളിൽ ഇടം പിടിക്കുകയുള്ളു.
അതാണ് ഖുർആനിന്റെ സമീപനം, ആ രീതിയാണ് നാം അവലംബിക്കേണ്ടത് അതിന്റെ വിശദമായ രൂപം താഴെ കൊടുക്കുന്നു.

മൃദു സമീപനവും ഉന്നത സംസ്കാരവും മുറുകെ പിടിക്കുക ,അതിലൂടെ സംവാദ ശൈലിയെ പരസ്പരം കലഹിച്ചു കൊണ്ടുള്ളതാക്കാതെ മനസിലാക്കാനും പഠിക്കാനും വേണ്ടിയുള്ളതാക്കി തീർക്കുക .
പരിശുദ്ധ ഖുർആനിന്റെ മനോഹരമായ വരികൾ ശ്രദ്ധിക്കൂ :
"നബിയെ താങ്കൾ പ്രഖ്യാപിക്കുക: ഞങ്ങൾ കുറ്റം ചെയ്തതിനെ കുറിച്ച് നിങ്ങളോടോ നിങ്ങളനുവർത്തിച്ചതിനെ കുറിച്ച് ഞങ്ങളോടോ ചോദിക്കപ്പെടുന്നതല്ല"
ഇവിടെ നമ്മൾ കുറ്റം ചെയ്തു എന്ന് പറഞ്ഞത് പോലെ നിങ്ങൾ കുറ്റം ചെയ്തു എന്ന് പറഞ്ഞിട്ടില്ല മറിച്ച് നിങ്ങൾ പ്രവർത്തിച്ചത് എന്നാണ് അള്ളാഹു പറഞ്ഞിട്ടുള്ളത് . ഇതാണ് സംവാദ ശൈലിയുടെ ഏറ്റവും മൃദുവായ സമീപനം.

നാം സംവദിക്കുന്ന സന്ദർഭത്തിൽ എതിരാളിയുടെ വാദങ്ങൾ തെറ്റാണെന്ന് ഉറപ്പുണ്ടെങ്കിൽ പോലും അത് ശെരിയാകാനുള്ള സാധ്യത നാം മനസ്സിൽ കാണേണ്ടതാണ് , അതുപോലെ നമ്മുടെ വാദം പൂർണമായും ശെരിയാണെന്ന് വിശ്വസിക്കുന്നതിന്റെ കൂടെ അതിൽ തെറ്റ് വരാൻ സാധ്യതയുണ്ടെന്നും നാം മനസ്സിലാക്കണം.
സംവദിക്കുന്നവരാരുംതന്നെ പക്ഷപാതിത്വം കാണിക്കുകയോ തന്നിഷ്ടപ്രകാരം തീരുമാനമെടുക്കുകയോ ചെയ്യാതെ പ്രമാണങ്ങളും തെളിവുകളും അവലംബിച്ചു വിധി നടപ്പാക്കണം.
ഇതിനെല്ലാം പുറമെ നമ്മുടെ എതിരാളിയോടുള്ള നമ്മുടെ നിലപാട് ഇപ്രകാരം ആയിരിക്കുക.

"ഒന്നുകിൽ ഞങ്ങൾ അല്ലെങ്കിൽ നിങ്ങൾ നേർവഴിയിലാകുന്നു; അല്ലെങ്കിൽ സ്പഷ്ടമായ ദുർമാർഗത്തിൽ തന്നെയാകുന്നു"



## മാറ്റ തിരുത്തലുകളും വ്യാജ വാദങ്ങളും

റസൂലുല്ലാഹി സ അരുളിയിരിക്കുന്നു :
ദീനിന്റെ അറിവുകളെ എല്ലാ തലമുറകളിലെയും സത്യസന്ധരായ ആളുകൾ ഏറ്റെടുക്കുന്നതാണ് , അവർ അതിക്രമകാരികളുടെ മാറ്റത്തിരുത്തലുകളെയും വ്യാജവാദികളുടെ അറിവ് നടിക്കലിനേയും വിഡ്ഢികളുടെ ദുർവ്യാഖ്യാനങ്ങളെയും ഉന്മൂലനം ചെയ്യുന്നതാണ്,
സച്ചരിതരായ മുൻഗാമികളിലൂടെ കൈമാറ്റം ചെയ്യപ്പെട്ട വൈജ്ഞാനിക രീതിയുമായി പൂർണമായും വിയോജിക്കുന്ന രൂപത്തിലും ദൈവിക ഉല്ബോധനത്തിന്റെ അധ്യാപനങ്ങളോടും മൂല്യങ്ങളോടും യോജിക്കാത്ത തരത്തിലും പരിശുദ്ധ ഖുർആനിനെയും പ്രവാചക വചനങ്ങളെയും തെറ്റായ രീതിയിലൂടെ മനസ്സിലാക്കിയ കൂട്ടരാകുന്നു അവർ .

അവർ അമുസ്ലിമീങ്ങൾക്ക് വേണ്ടി അവതരിച്ച ആയത്തുകളെ മുസ്ലിമീങ്ങൾക്ക് വേണ്ടി ഉള്ളതാണെന്ന് വാദിക്കുകകയും ഉപാധികളോട് കൂടി അവതരിച്ച വചനങ്ങളെ നിരുപാധികമായ രീതിയിൽ വ്യാഖ്യാനിക്കുകയും പരിശുദ്ധ ഖുർആനിന്റെ വചനങ്ങളിലും പ്രവാചകന്റെ വചനങ്ങളിലും മാറ്റത്തിരുത്തലുകൾ വരുത്തുകയും ചെയ്തു, എത്രത്തോളമെന്നാൽ ആ ചിന്താഗതികൾ സാധാരണ വിശ്വാസികളുടെ മനസ്സുകളിൽ വളരെ തെറ്റായ രീതിയിൽ സ്ഥാനം പിടിക്കുകയും അത് കാരണമായി അവരുടെ ഭാഗത്തു നിന്നും പരിശുദ്ധ ദീനുമായി ബന്ധമില്ലാത്ത ഒരുപാടു പ്രവർത്തികൾ ഉണ്ടാവുകയും ചെയ്തു.

ഖുർആനിൽ നിന്നും പ്രവാചക വചനങ്ങളിൽ നിന്നും സച്ചരിതരായ മുൻഗാമികൾ പകർന്നു തന്ന അറിവുകളിൽ നിന്നും അകന്നു പോകുന്ന തരത്തിൽ പിഴച്ച ചിന്താഗതിക്കാർ ഖുറാനിൽ വരുത്തിയ മാറ്റാതിരുത്തലുകളെയും ശറഈ നിയമങ്ങളെ മനസ്സിലാക്കുന്നതിൽ വരുത്തിയ പിഴവുകളെയും സംബന്ധിച്ച് ഈ പരമ്പരയിലൂടെ നമുക്ക് മനസിലാക്കാം .


www.sanad.network
facebook.com/sanadnetwork
twitter: @sanadnetwork
youtube.com/sanadnetwork
instagram.com/sanadnetwork

دار الفقيه للنشر والتوزيع
DAR AL FAQIH
PUBLICATION & DISTRIBUTION

سند
SANAD